# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:08.04.2024**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് ചിത്രം വ്യക്തമായി. നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി അവസാനിച്ചപ്പോൾ 194 സ്ഥാനാർത്ഥികൾ മത്സരരംഗത്ത്.
2. ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി പ്രമുഖ മുന്നണികൾ , സംസ്ഥാനത്തും പ്രചാരണ രംഗം സജീവം.
3. സാമൂഹിക സുരക്ഷാ, ക്ഷേമനിധി പെൻഷനുകളുടെ രണ്ട് ഗഡു കൂടി നാളെ മുതൽ വിതരണം ചെയ്യും.
4. സംസ്ഥാനത്ത് വ്യാഴാഴ്ച് വരെ ഉയർന്ന താപനിലയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, വയനാട് ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രത .
5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിങ്സ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും. ഐ എസ് എല്ലിൽ ഫുട്ബാളിൽ ഇന്ന് മുംബയ് സിറ്റി എഫ് സി, ഒഡീഷ എഫ് സിയെ നേരിടും.

RNU TVPM

$$$$$$$$$$$$$$$$$$$$

**തിരഞ്ഞെടുപ്പ് - രാജ്യം**

രാജ്യത്ത് തിരഞ്ഞെടുപ്പ് പ്രചാരണം ശക്തമായി തുടരുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി ഛത്തീസ്ഗഡിൽ ബസ്തർ ഡിവിഷനിൽ പൊതുയോഗത്തിൽ പങ്കെടുത്തു. കോൺഗ്രസ്സ് നേതാവ് രാഹുൽ ഗാന്ധി മധ്യപ്രദേശിലെ സിയോണിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്തു.

$$$$$$$$$$$$$$$$$$$$

**തിരഞ്ഞെടുപ്പ് പ്രചാരണം**

സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് പ്രചാരണം സജീവം. മത്സരചിത്രം വ്യക്തമായതോടെ സ്ഥാനാർത്ഥികളും പ്രവർത്തകരും പ്രചാരണത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. ഇടതുമുന്നണിക്കായി മുഖ്യമന്ത്രി പിണറായി വിജയൻ രംഗത്തുള്ളപ്പോൾ പ്രതിപക്ഷനേതാവ് വി ഡി സതീശന്റെ പ്രചാരണ പരിപാടികൾക്ക് ഇന്ന് തുടക്കമായി. ആറ്റിങ്ങൽ മണ്ഡലത്തിലെ വെമ്പായത്തും തിരുവനന്തപുരം മണ്ഡലത്തിലെ പേട്ടയിലുമാണ് അദ്ദേഹത്തിന്റെ പരിപാടികൾ.

$$$$$$$$$$$$$$$$$$$$

**<u>സ്ഥാനാർഥി ചിത്രം - ജില്ലകൾ, അന്തിമം</u>**

സംസ്ഥാനത്ത് ഈ മാസം 26 ന് നടക്കുന്ന ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ചിത്രം കൂടുതൽ വ്യക്തതയിലേക്ക്. നാമനിർദ്ദേശപത്രിക പിൻവലിക്കാനുള്ള സമയം ഇന്ന് അവസാനിച്ചതോടെ സംസ്ഥാനത്തു ആകെ 194 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത് . കോഴിക്കോട്, വടകര ലോക്സഭാ മണ്ഡലങ്ങളിൽ ആകെ 23 സ്ഥാനാർത്ഥികൾ മത്സര രംഗത്തുണ്ട്. കോഴിക്കോട് 13 ഉം വടകരയിൽ 10 ഉം സ്ഥാനാർത്ഥികൾ ആണ് മത്സരരംഗത്തുള്ളത്.

RNU TVPM

-വടകര ലോക്സഭാ മണ്ഡലത്തിൽ സ്വാതന്ത്രനായി പത്രിക നൽകിയ

അബ്ദുൾ റഹീം ആണ് അവസാന ദിവസം പിന്മാറിയത്. ആലപ്പുഴയിൽ 11 സ്ഥാനാർഥികളും മാവേലിക്കരയിൽ ഒമ്പത് സ്ഥാനാർഥികളുമാണ് മത്സര രംഗത്തുള്ളത്.

ഇടുക്കി മണ്ഡലത്തിൽ ഏഴ് സ്ഥാനാർത്ഥികളാണ് മത്സര രംഗത്ത്. സ്വതന്ത്ര സ്ഥാനാർത്ഥിയായി നാമനിർദേശം നൽകിയിരുന്ന മനേഷ് കഴിഞ്ഞ ദിവസം പത്രിക പിൻവലിച്ചിരുന്നു.
കാസർകോട് പാർലിമെൻ്റ് മണ്ഡലത്തിൽ സൂക്ഷ്മ പരിശോധനയിൽ നാമനിർദ്ദേശപത്രിക സ്വീകരിച്ച സ്ഥാനാർത്ഥികൾ എല്ലാവരും മത്സര രംഗത്തുണ്ട്. ആകെ ഒൻപത് സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത് സ്ഥാനാർത്ഥികൾക്ക് ചിഹ്നവും അനുവദിച്ചു.

മലപ്പുറം ജില്ലയിലെ മലപ്പുറം, പൊന്നാനി ലോക്സഭാ മണ്ഡലങ്ങളിലായി എട്ട് വീതം സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. മലപ്പുറം മണ്ഡലത്തിൽ സ്വതന്ത്ര സ്ഥാനാർത്ഥികളായ നസീഫ് പി.പി, എൻ. ബിന്ദു എന്നിവരാണ് അവസാന ഘട്ടത്തിൽ പത്രിക പിൻവലിച്ചത്. പൊന്നാനി മണ്ഡലത്തിൽ ആരും പത്രിക പിൻവലിച്ചിട്ടില്ല.

ആരും പത്രിക പിൻവലിക്കാത്ത എറണാകുളത്ത് 10 സ്ഥാനാർത്ഥികളും ആറ്റിങ്ങലിൽ 7 സ്ഥാനാർത്ഥികളും മത്സരരംഗത്തുണ്ട്.ചാലക്കുടി മണ്ഡലത്തിൽ 11 സ്ഥാനാർത്ഥികൾമത്സരിക്കുന്നു . വയനാട് ലോക്സഭാ മണ്ഡലത്തിൽ അന്തിമമായി ഒൻപത് സ്ഥാനാർത്ഥികൾ മത്സരരംഗത്തുണ്ട് . സ്വതന്ത്ര സ്ഥാനാർത്ഥി അകീൽ അഹമ്മദ് പത്രിക പിൻവലിച്ചു.

തൃശൂർ മണ്ഡലത്തിൽ ഒമ്പത് സ്ഥാനാർഥികൾ മത്സര രംഗത്ത്. ഒരാൾ മാത്രമാണ് പത്രിക പിൻവലിച്ചത്. സ്വാതന്ത്രനായി പത്രിക നൽകിയ കെ.ബി സജീവാണ് പത്രിക പിൻവലിച്ചത്.

പാലക്കാട്. ജില്ലയിൽ ആലത്തൂർ, പാലക്കാട് ലോക്സഭാ മണ്ഡലങ്ങളിലായി 15 സ്ഥാനാർത്ഥികൾ മത്സരിക്കുന്നു . പാലക്കാട് 10 ഉം, ആലത്തൂരിൽ അഞ്ചും സ്ഥാനാർത്ഥികൾ വീതമാണ് അന്തിമ സ്ഥാനാർത്ഥിപ്പട്ടികയിൽ ഉൾപ്പെട്ടത്. പാലക്കാട് ലോക്സഭാ മണ്ഡലത്തിൽ സ്വതന്ത്ര സ്ഥാനാർത്ഥി പി.വി രാജേഷ് നാമനിർദേശ പത്രിക പിൻവലിച്ചു. അന്തിമ പട്ടിയിൽ ഉൾപ്പെട്ട സ്ഥാനാർത്ഥികൾക്കുള്ള ചിഹ്നങ്ങളും അനുവദിച്ചു നൽകി.

പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയം കഴിഞ്ഞപ്പോൾ എട്ട് സ്ഥാനാർഥികളാണ് മത്സരരംഗത്തുള്ളത് .സ്ഥാനാർഥികളുടെ ചിഹ്നങ്ങളുടെ കാര്യത്തിലും വ്യക്തതയായി.

കോട്ടയം ലോക്സഭാ മണ്ഡലത്തിൽ 14 സ്ഥാനാർഥികൾ മത്സരരംഗത്ത്. ജില്ലയിൽ ആരും നാമനിർദ്ദേശപത്രിക പിൻവലിച്ചില്ല.

കൊല്ലം ലോക്സഭാ മണ്ഡലത്തിൽ അവസാനമായി 12 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത് .ഇടുക്കിയിൽ 7 പേർ മത്സരരംഗത്തുണ്ട് .

കണ്ണൂർ ലോക്സഭാ മണ്ഡലത്തിൽ 12 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. ആരും പത്രിക പിൻവലിച്ചിട്ടില്ല.

$$$$$$$$$$$$$$$$$$$

RNUTVPM

## വി ഡി സതീശൻ

ഭരണഘടനാ വ്യവസ്ഥ ലംഘിച്ച് ഉണ്ടാക്കിയ നിയമങ്ങളെല്ലാം കോൺഗ്രസ് അധികാരത്തിലേറിയാൽ റദ്ദാക്കുമെന്ന് പ്രകടനപത്രികയിൽ വ്യക്തമാക്കിയിട്ടുള്ളതാണെന്നും അതുകൊണ്ട് തന്നെ പൗരത്വനിയമം റദ്ദാക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലെന്നും പ്രതിപക്ഷനേതാവ് വി.ഡി സതീശൻ. കോൺ?ഗ്രസ് തെരഞ്ഞെടുപ്പ് രാഷ്ട്രീയ പ്രചരണ സമിതിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം പ്രസ്ക്ലബിൽ സംഘടിപ്പിച്ച പ്രകടന പത്രിക ജനകീയ ചർച്ച ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം

$$$$$$$$$$$$$$$$$$$$$

## ശശി തരൂർ - രാജീവ് ചന്ദ്രശേഖർ

പണം നൽകി വോട്ട് തേടിയെന്ന് തനിക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണം ഉന്നയിച്ച തിരുവനന്തപുരം മണ്ഡലത്തിലെ കോൺഗ്രസ് സ്ഥാനാർത്ഥി ശശി തരൂർ പ്രസ്താവന നിരുപാധികം പിൻവലിച്ച് രേഖാമൂലം ക്ഷമാപണം നടത്തിയില്ലെങ്കിൽ നിയമനടപടികളുമായി മുന്നോട്ട് പോകുമെന്ന് എൻഡിഎ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർ.തന്നെ മാത്രമല്ല സാമൂഹിക മത സംഘടനകളെക്കൂടി അപമാനിക്കുക എന്ന ലക്ഷ്യമാണ് പ്രസ്താവനയ്ക്ക് പിന്നിലെന്ന് അദ്ദേഹം പറഞ്ഞു. അതേസമയം പത്രികയിൽ തെറ്റായ വിവരങ്ങൾ സമർപ്പിച്ചതിന് രാജീവ് ചന്ദ്രശേഖറിനെതിരെ നടപടി ആവശ്യപ്പെട്ട് കോൺഗ്രസ്സും തിരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ചിട്ടുണ്ട്.

RNU TVPM

$$$$$$$$$$$$$$$$$$$$$

**മണ്ഡലങ്ങളിലൂടെ (ഇൻട്രോ)**

പത്രിക പിൻവലിക്കാനുള്ള അവസാന ദിവസവും കഴിഞ്ഞതോടെ കേരളത്തിലെ ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ചിത്രം കൂടുതൽ സുവ്യക്തമാവുകയാണ്. മൂന്ന് പ്രധാന മുന്നണികളും വിജയപ്രതീക്ഷ പുലർത്തുന്ന പൊന്നാനി ലോക്സഭാ മണ്ഡലത്തിൽ വാശിയേറിയ പ്രചാരണമാണ് അരങ്ങേറുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു..........

$$$$$$$$$$$$$$$$$$$$

**<u>കൂടിക്കാഴ്ച</u>**

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ലോക്സഭ മണ്ഡലത്തിലെ തിരഞ്ഞെടുപ്പ് നിരീക്ഷകർ സ്ഥാനാർത്ഥികളുടെ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.
തിരുവനന്തപുരം മണ്ഡലത്തിലെ പൊതു നിരീക്ഷകൻ ആഷീഷ് ജോഷി, പോലീസ് നിരീക്ഷകൻ രാജീവ് സ്വരൂപ്, ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനും ജില്ലാ കളക്ടറുമായ ജെറോമിക് ജോർജ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

$$$$$$$$$$$$$$$$$$$$

**സാമൂഹ്യസുരക്ഷാ പെൻഷൻ**

സാമൂഹിക സുരക്ഷാ, ക്ഷേമനിധി പെൻഷനുകളുടെ രണ്ട് ഗഡു കൂടി നാളെ മുതൽ വിതരണം നടത്തും. ഗുണഭോക്താക്കൾക്ക് 3200 രൂപ വീതം ലഭിക്കും. കഴിഞ്ഞ മാസം ഒരു ഗഡു വിതരണം ചെയ്തിരുന്നു. റംസാനും വിഷുവും കണക്കിലെടുത്താണ് കുടിശ്ശിക വിതരണം ചെയ്യുന്നത്. ഇനി നാല് മാസത്തെ കുടിശ്ശിക ബാക്കിയുണ്ട്. 62 ലക്ഷം ക്ഷേമ പെൻഷൻ ഗുണഭോക്താക്കളിൽ മസ്റ്ററിംഗ് നടത്തിയവർക്കെല്ലാം തുക ലഭിക്കും.

RNU TVPM

$$$$$$$$$$$$$$$$$$$$

**ഒറ്റ പെൺകുട്ടി സംവരണം - മന്ത്രി വി ശിവൻകുട്ടി**

കേന്ദ്രീയ വിദ്യാലയങ്ങളിൽ ഒറ്റ പെൺകുട്ടി സംവരണം തുടരണമെന്ന് പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി. 2024-25 അധ്യയന വർഷത്തേയ്ക്കുള്ള പ്രവേശന പ്രക്രിയയിൽ കേന്ദ്രീയ വിദ്യാലയങ്ങളിൽ ഒറ്റപെൺകുട്ടി സംവരണം നിർത്തലാക്കാനുള്ള കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ തീരുമാനം സംബന്ധിച്ച് പ്രതികരിക്കുകയായിരുന്നു മന്ത്രി. ഒറ്റപെൺകുട്ടി ഉള്ളവർക്ക് നിശ്ചിത എണ്ണം സീറ്റുകൾ അനുവദിച്ചുകൊണ്ടുള്ള തീരുമാനം സ്ത്രീവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല, ലിംഗസമത്വവും പെൺകുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുന്നുവെന്ന് മന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$

**ഉത്സവ മേഖല**

കോട്ടയം മണർകാട് ദേവീ ക്ഷേത്രത്തിലെ പത്താമുദയ മഹോത്സവത്തോടനുസബന്ധിച്ച് ഈ മാസം 14 മുതൽ 23 വരെ ക്ഷേത്രത്തിന്റെ മൂന്നുകിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശം ഉത്സവമേഖലയായി പ്രഖ്യാപിച്ച് ജില്ലാ കളക്ടർ ഉത്തരവായി.

$$$$$$$$$$$$$$$$$$$$

PNUTVPM

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

എൻ. വി. കൃഷ്ണവാരിയർ സ്മാരക വൈജ്ഞാനിക പുരസ്കാരം, കെ.എം. ജോർജ്ജ് സ്മാരക ഗവേഷണ പുരസ്കാരം, എം. പി. കുമാരൻ സ്മാരക വിവർത്തനപുരസ്കാരം എന്നിവയ്ക്കായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കൃതികൾ ക്ഷണിച്ചു. 2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ചിട്ടുള്ള മൗലിക കൃതികളും അവാർഡ് ചെയ്യപ്പെട്ടിട്ടുളള പി.എച്ച്.ഡി. ഗവേഷണ പ്രബന്ധങ്ങളുമാണ് പുരസ്കാരങ്ങൾക്കായി പരിഗണിക്കുക. പുരസ്കാരത്തിനുളള സമർപ്പണങ്ങൾ മേയ് 31 നകം ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നളന്ദ , തിരുവനന്തപുരം എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കണം.

$$$$$$$$$$$$$$$$$$$$

## രേഖാചിത്ര പരമ്പര

കന്യാകുമാരി മുതൽ കാസർകോട് വരെയുള്ള സാംസ്കാരികവൈവിധ്യങ്ങളുടെ രേഖാചിത്ര പരമ്പര തിരുവനന്തപുരം വിമാനത്താവളത്തിൽ അനാച്ഛാദനം ചെയ്തു. ശംഖുമുഖത്തെ ആഭ്യന്തര ടെർമിനലിലെ ഡിപ്പാർച്ചർ ഹാളിൽ ആണ് 1000 ചതുരശ്ര അടിയിൽ കലാസൃഷ്ടി ഒരുക്കിയിരിക്കുന്നത്.

കന്യാകുമാരിയിലെ വിവേകാനന്ദപ്പാറ മുതൽ കാസർകോട്ടെ ബേക്കൽ കോട്ട വരെയുള്ള സാംസ്കാരിക, പൈതൃക, വിനോദ സഞ്ചാര ദൃശ്യങ്ങൾ കലാസൃഷ്ടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.വിമാനത്താവളത്തിൽ എത്തുന്ന യാത്രക്കാർക്ക് കേരളത്തിന്റെയും തെക്കൻ തമിഴ്നാടിന്റേയും സാംസ്കാരിക വൈവിധ്യം ഈ ചിത്ര പരമ്പരയിലൂടെ ആസ്വദിക്കാനാകും.

$$$$$$$$$$$$$$$$$$$$$

### പ്രത്യേക യോഗം

ഈദ് ഉൽ ഫിത്തർ സംബന്ധിച്ച ഏകോപിച്ച തീരുമാനം പ്രഖ്യാപിക്കുന്നതിന് ഇമാമുമാരുടേയും മഹല്ല് ഭാരവാഹികളുടെയും പ്രത്യേക യോഗം നാളെ വൈകിട്ട് തിരുവനന്തപുരം മണക്കാട് വലിയ പള്ളിയിൽ ചേരും. വൈകിട്ട് പാളയം ജുമാ മസ്ജിദിലും പ്രത്യേക യോഗം ചേരുന്നുണ്ട്.

RNU TVPM

$$$$$$$$$$$$$$$$$$$$$

### ചൂട്

സംസ്ഥാനത്ത് വ്യാഴാഴ്ച്ച വരെ സാധാരണയെക്കാൾ 2 മുതൽ 4 ഡിഗ്രി സെൽഷ്യസ് താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, വയനാട് ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. പാലക്കാട് ജില്ലയിൽ 41 ഡിഗ്രി സെൽഷ്യസ് വരെയും , കൊല്ലം ജില്ലയിൽ 39 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയർന്നേക്കും. തൃശൂരിൽ 38 ഡിഗ്രി വരെയും കോഴിക്കോട്, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ 37 ഡിഗ്രി വരെയും താപനില വർധിക്കാം. തിരുവനന്തപുരം, മലപ്പുറം, കാസർകോട് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയർന്നേക്കാമെന്നും കാലാവസ്ഥാ ഗവേഷണ കേന്ദ്രം അറിയിച്ചു.

$$$$$$$$$$$$$$$$$$$$

**ഐ എസ് എൽ**

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് മുംബയ് സിറ്റി എഫ് സി, ഒഡീഷ എഫ് സിയെ നേരിടും. രാത്രി 7.30ന്് മുംബയിലാണ് മത്സരം.

$$$$$$$$$$$$$$$$$$$$

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിങ്സ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും. രാത്രി 7.30ന് ചെന്നൈയിലെ എം എ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം.

$$$$$$$$$$$$$$$$$$$$

**ഓഹരി+ സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 494 പോയിൻറ് നേട്ടത്തിൽ 74,742ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 153 പോയിൻറ് നേട്ടത്തിൽ 22,666ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

സ്വർണവിലയിൽ
വർധന. ഗ്രാമിന് 6,565 രൂപയും പവന് 52,520 രൂപയുമാണ് ഇന്നത്തെ വില.

$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$
$$$$$$$$$
$$$$$$
$$$
$

RNI TVPM